LIBRARY ARCHIVES Kerala Legislative Assembly

കുന്ദംകുളം നിയോജകമണ്ഡലത്തിലെ റോഡ് അറ്റകുറ്റപ്പണികൾ

246 (5331) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളിലെ കുഴി അടയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തി ഗതാഗത യോഗ്യമാക്കുന്നതിനും വിവിധ പദ്ധതികളിലായി ഏതെല്ലാം പി.ഡബ്ല്യൂ.ഡി. റോഡുകൾക്കാണ് 2014-ൽ കുന്ദംകുളം നിയോജകമണ്ഡലത്തിൽ തുക അനുവദിച്ചത് ;

(ബി) ഓരോ റോഡുകൾക്കും അനുവദിച്ച തുക എത്രവീതമെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിൽ ഏതെല്ലാം റോഡുകൾ കുഴികൾ അടച്ചും അറ്റകുറ്റപ്പണി നടത്തിയും ഗതാഗതയോഗ്യമാക്കി ;

(ഡി) ഇനി എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട് ; ഇതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ ;

(ഇ) മുഴുവൻ പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) കുന്ദംകുളം നിയോജകമണ്ഡലത്തിലെ റോഡുകളിലെ കുഴി അടയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുന്നതിനും വിവിധ പദ്ധതികളിലായി തുക അനുവദിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി അനുവദിച്ച തുകകളുടെ വിശദാംശവും പ്രവൃത്തികളുടെ സ്ഥിതിയും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഇ) മുഴുവൻ പ്രവൃത്തികളും അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. വിശദാംശം അനുബന്ധം 2 ആയിചേർത്തിരിക്കുന്നു.*

വൈപ്പിനിലെ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ

247 (5332) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണാനുമതി ലഭിച്ചതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതുമായ എത്ര പ്രവൃത്തികളാണ് വൈപ്പിൻ മണ്ഡലത്തിൽ ഇനിയും പൂർത്തീകരിക്കാത്തത് ; ആരംഭിക്കാത്തത് എന്ന് വിശദമാക്കാമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.